# വലമ്മാ അസ്‌ലമാ വ തല്ലഹു ലിൽജബീൻ....

മുഹമ്മദ് പാണ്ടിക്കാട്

"**അവർ** രണ്ടുപേരും സമ്പൂർണ സമർപ്പിതരായി. ഇബ്റാഹീം ഇസ്മാഈലിനെ ബലി നൽകാനായി കമഴ്ത്തിക്കിടത്തിയപ്പോൾ.........."(അസ്സ്വാഫാത്ത് 103).

എന്താണ് സംഭവിച്ചത്? വിശുദ്ധഖുർആൻ നിശ്ശബ്ദമാവുന്നു. വാക്യം പൂരിപ്പിക്കാനാകാതെ അല്ലാഹു മൗനം പാലിക്കുന്നു. അർഥഗർഭമായ മഹാമൗനം!

തനിക്കുവേണ്ടി സർവതും ത്യജിക്കാൻ സന്നദ്ധനായ തന്റെ ദാസന്റെ പ്രവൃത്തിയിൽ അല്ലാഹുവിന് എന്തുമാത്രം ആനന്ദവും ആഹ്ലാദവും അനുഭവപ്പെട്ടിരിക്കും. ആദ്യമദ്ദേഹം അല്ലാഹുവിനു വേണ്ടി തീജ്വാലയിൽ എരിയാൻ ഒരുങ്ങുന്നു. പിന്നീട് തന്റെ പ്രിയതമയെ അല്ലാഹുവിന്റെ ആജ്ഞപ്രകാരം വിജലവും വിജനവുമായ മരുഭൂമിയിൽ ഉപേക്ഷിക്കുന്നു. ഇപ്പോഴിതാ വാർധക്യകാലത്ത് വരദാനമായി ലഭിച്ച തന്റെ പൊന്നോമനയുടെ കഴുത്തിൽ കത്തിവെക്കാൻ സന്നദ്ധനായിരിക്കുന്നു. യജമാനനെ തന്നേക്കാളും തനിക്കിഷ്ടപ്പെട്ട സകലതിനേക്കാളും സ്നേഹിക്കുന്ന പ്രജയോട് അവനുണ്ടാവുന്ന പ്രേമവും പ്രീതിയും അക്ഷരങ്ങളിൽ ഒതുക്കാനാവുമോ? കുട്ടികളെന്നാൽ ഇബ്റാഹീമിന്റെ ദൗർബല്യമായിരുന്നു. അന്യരുടെ കുഞ്ഞുങ്ങളോടു പോലും അദ്ദേഹത്തിന് അത്യധികം സ്നേഹവും വാത്സല്യവും ഉണ്ടായിരുന്നു. 'അബുൻ റഹീം' (കാരുണ്യമുള്ള പിതാവ്) എന്നാണ് 'ഇബ്റാഹീം' എന്ന പേരിന്റെ പൊരുളെന്ന് പറഞ്ഞവർ പോലുമുണ്ട്. ഇസ്മാഈൽ ഇബ്റാഹീമിന് എല്ലാമായിരുന്നു. അലി ശരീഅത്തി എഴുതിയത് പോലെ "ഇസ്മാഈൽ ഇബ്റാഹീമിന് ഒരു മകൻ മാത്രമായിരുന്നില്ല. ഒരു മുഴു ജീവിതത്തിന്റെ പ്രതീക്ഷയായിരുന്നു. ക്ലേശകരമായ ആ നാളുകളിൽ ആ വൃദ്ധപിതാവിന്റെ ഏക ആശ്വാസമായിരുന്നു ഇസ്മാഈൽ. ഒരു വൃദ്ധ കർഷകന്റെ വരണ്ട വയലിൽ വളരുന്ന തളിർച്ചെടി പോലെയായിരുന്നു ഇസ്മാഈൽ"(*ഹജ്ജ്*- അലിശരീഅത്തി പേജ് 88).

ആ വന്ദ്യവയോധികനാണ് തന്റെ അരുമ സന്താനത്തെ സ്രഷ്ടാവിനു ബലി നൽകാൻ മുതിരുന്നത്. ഈ സന്ദർഭത്തിൽ കരുണാവാരിധിയായ അല്ലാഹുവിന് അവനോടുണ്ടായ അനുരാഗവും അനുകമ്പയും വാക്കുകളിൽ വർണിക്കാനാകുമോ?

"എന്റെ പൊന്നുപിതാവേ, താങ്കളോട് കൽപിക്കപ്പെട്ടതു പോലെ എന്നെ ബലിയറുക്കുക" എന്ന് വിനീതമായി അഭ്യർഥിക്കുന്ന, തന്റെ പിതാവിന്റെ ആദർശത്തെയും ആഗ്രഹങ്ങളെയും മാനിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സൽപുത്രനെയാണ് കഴുത്തറുക്കാനായി കമഴ്ത്തിക്കിടത്തിയിരിക്കുന്നത്.

പ്രപഞ്ചം പ്രകമ്പനംകൊണ്ട ആ നിമിഷത്തിൽ മാലാഖകൾ പോലും അസൂയാലുക്കളായിട്ടുണ്ടാവും. വാത്സല്യനിധിയായ അല്ലാഹുവിന് അപ്പോൾ ഇബ്റാഹീമിനോടുണ്ടായ പ്രണയവും പ്രതുഷ്ടിയും വാചകങ്ങളിൽ വിവരിക്കാ

നാവുമോ? ഇല്ല, ഒരിക്കലുമില്ല. അതുകൊണ്ടാണ് "അദ്ദേഹം തന്റെ പുത്രനെ കമഴ്ത്തിക്കിടത്തിയപ്പോൾ...." എന്ന് വാചകം പൂരിപ്പിക്കാതെ അവസാനിപ്പിച്ച ത്.

മൗലാനാ മൗദൂദി എഴുതുന്നു: "വാക്കുകളിൽ വിവരിക്കുന്നതിന് പകരം ഭാവനക്ക് വിട്ടുകൊടുക്കുന്നത് കൂടുതൽ ഉചിതമാകുമാറ് അത്ര ഗുരുതരമാണി വിടെ സംഗതി. വൃദ്ധനായ ഒരു പിതാവ് ചിരകാല പ്രാർഥനയുടെ ഫലമായി നേടിയ പുത്രനെ തന്റെ പ്രീതിക്ക് വേണ്ടി ബലിയർപ്പിക്കാൻ സന്നദ്ധനായതായി അല്ലാഹു കാണുന്നു. കഴുത്തിൽ കത്തി താഴുന്നതിൽ ആ പുത്രനും സംതൃ പ്തനാണ്. അത്തരമൊരു സന്ദർഭത്തിൽ കരുണാവാരിധിയിൽ എന്തുമാത്രം അല കളുയർന്നിരിക്കും. ആ പിതാവിനോടും പുത്രനോടും അവരുടെ നാഥന് എന്തു മാത്രം പ്രിയം വന്നിരിക്കും എന്നത് വിഭാവനം ചെയ്യാനേ കഴിയൂ. അതു വാക്കു കളിൽ വർണിക്കാനാവില്ല. വാക്കുകളിൽ വർണിച്ചാൽ അതിന്റെ ഗാംഭീര്യവും മഹത്വവും വികലമായേ പ്രകടിപ്പിക്കാനാവൂ"(*തഫ്ഹീമുൽ ഖുർആൻ* 4/275).